പോകുന്നത് നിർത്തുന്നതിനുവേണ്ടി, വേണ്ടി വന്നാൽ, സബ്മിഷനിൽതന്നെ പല അംഗങ്ങളും പറഞ്ഞിട്ടുള്ള കാര്യമാണ്, ഒരു നിയമനിർമ്മാണം നടത്താനുള്ള നടപടി ഈ ഡിപ്പാർട്ടുമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : ഈ മൂന്നു റോഡുകളിൽ ആദ്യത്തെ റോഡായ പൈക്കടപീഡിക-കുറുമണ്ണ് പയസ് മൗണ്ട് റോഡിന് 21-3-1984-ന് ഭരണാനുമതി നൽകിയതാണ്. കരാറുകാരുടെ അനാസ്ഥമൂലം പണി മന്ദഗതിയിലായതുകൊണ്ട് അതവസാനിപ്പിച്ച് പുതിയ കരാറുകാരനെ ഏൽപ്പിക്കാനുള്ള നടപടി നടത്തി വരികയാണ്. അള്ളനാട്-പുള്ളനാട്-അന്തിനാട് റോഡ് എന്ന രണ്ടാമത്തെ റോഡിനെ സംബന്ധിച്ചിടത്തോളം ഭരണാനുമതി 1981-ൽ തന്നെ കൊടുത്തതാണ്. എർത്ത് വർക്കും മേസണറി വർക്കുമെല്ലാം അവർ നടത്തിയെങ്കിലും അതിനുശേഷം പണിയെടുത്തില്ല. അതും ത്വരിതഗതിയിൽ നടത്താനുള്ള നടപടികളും എടുക്കുന്നുണ്ട്. മൂന്നാമത്തെ റോഡ് പൂഞ്ഞാർകൂട്ടിക്കൽ റോഡാണ്. ഇതിനെ സംബന്ധിച്ചിടത്തോളം 1982-ൽ തന്നെ മറ്റൊരു കരാറുകാരനെ ഏൽപ്പിച്ചു. 1985 സെപ്റ്റമ്പറിൽ പണി ചെയ്തു തീർക്കേണ്ടതായിരുന്നു. ഇത് ചെയ്യാത്തതുമൂലം സ്തംഭനാവസ്ഥയിലാണ്. ഈ കരാറുകാരെ സംബന്ധിച്ച് അവരെ ഒഴിവാക്കുന്നതിനു ചില നടപടി ചട്ടങ്ങളുണ്ട്. അതനുസരിച്ച് മാത്രമേ ഡിപ്പാർട്ടുമെന്റിനു പ്രവർത്തിക്കാൻ സാദ്ധ്യമാവുകയുള്ളു. ഒരു കരാറുകാരന്റെ വർക്ക് ഏറെടുക്കുമ്പോൾ ഏറ്റവും കുറഞ്ഞ ടെൻഡറുകാരനെന്ന നിലയ്ക്ക് എൽപ്പിച്ചു കൊടുക്കാതിരിക്കാൻ നിർവ്വാഹമില്ല. അത് ഏറെടുത്തശേഷം ഉപേക്ഷിച്ചു പോയാൽ റിസ്ക് ആൻഡ് കോസ്റ്റോ അതുപോലുള്ള നടപടികളോ ഗവൺമെന്റ് എടുക്കുന്നതാണ്. പിന്നെ കോടതിയിൽ നിന്ന് സ്റ്റേ വാങ്ങുന്ന കേസുകൾക്ക് ഗവൺമെന്റിനു ഒന്നും ചെയ്യാൻ നിവൃത്തിയില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കരാർ അവസാനിപ്പിച്ച് റിസ്ക് ആൻഡ് കോസ്റ്റിൽ പുതിയ കരാറ് കൊടുക്കുന്ന നടപടികളും ഇതിൽ മാത്രമല്ല എല്ലാ പ്രവർത്തനങ്ങളിലും നടത്തി വരുന്നുണ്ട്.

(37) വടകരയിൽ കെ. എസ്. ആർ. ടി. സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, കോഴിക്കോട് ജില്ലയിലെ ഏക മുനിസിപ്പൽ നഗരമാണ് വടകര. മൂന്നു നിയോജകമണ്ഡലങ്ങൾ ഉൾക്കൊള്ളുന്നതായിട്ടുള്ള താലൂക്കിന്റെ തലസ്ഥാനപ്രദേശമായ വടകര ഒരു വലിയ വ്യാപാര കേന്ദ്രം കൂടിയാണ്. ധാരാളം കെ. എസ്. ആർ. ടി. സി. ബസുകൾ അവിടെക്കൂടി കടന്നുപോകുന്നുണ്ട്. കുറെ കെ എസ്. ആർ. ടി. സി. ബസുകൾ അവിടെ നിന്ന് ആരംഭിക്കുന്നുണ്ട്; അവിടെ അവസാനിക്കുന്നുമുണ്ട്. അവിടെ ഒരു ബസ് സ്റ്റേഷൻ ആവശ്യമാണ്, ബസ്സ്റ്റേഷൻ വേണമെന്നകാര്യം ഞാൻ ഇപ്പോൾ ഉന്നയിക്കുന്നില്ല. അതുകൊണ്ട് അതിനു മറുപടി പറയുകയും വേണ്ട ഒരു സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസാണ് അവിടെ അത്യാവശ്യമായിട്ടു വേണ്ടത്. ഒരു ചെറിയ ബുക്കിംഗ് സൗകര്യത്തിനുവേണ്ടിയാണ് ഞാനിതുപറയുന്നത്. മുനിസിപ്പൽ ബസ്സ്റ്റാൻഡ് ബിൽഡിംഗിൽ അതിനുവേണ്ട സ്ഥലം ഒഴിച്ചു വച്ചിട്ടുണ്ട്. എപ്പോൾ വേണമെങ്കിലും അവിടെ പ്രവേശിച്ച് ആ സ്ഥലം ഉപയോഗിക്കാൻ കഴിയും ഇക്കാര്യം ഈ നിയമസഭയിൽ രണ്ടു തവണ കഴിഞ്ഞ രണ്ടുകൊല്ലമായിട്ട് പറഞ്ഞതാണ്. വടകരയിലുള്ള സർവ്വകക്ഷിയംഗങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

യേയും . ബഹുമാനപ്പെട്ട സുന്ദരൻ നാടാരെയും കണ്ട് ഇതെങ്കിലും ഒന്നു വദിച്ചു തരണമെന്നു പറഞ്ഞതാണ്. അപ്പോഴൊക്കെ ആലോചിക്കാമെന്നു പറഞ്ഞു. ഞാൻ രണ്ടുതവണ ഉന്നയിച്ചപ്പോഴും കിട്ടിയ മറുപടിയും എന്റെ കൈവശമുണ്ട്. ശ്രീമാൻ എൻ. സുന്ദരൻ നാടാർ അടിയന്തിരമായി ഇത് അനുവദിക്കുന്നതാണ്, അതിൽ വലിയ പ്രയാസമൊന്നുമില്ല, ചെലവൊന്നുമില്ല, തരുമെന്നു പറഞ്ഞതാണ്. കഴിഞ്ഞ രണ്ടുരണ്ടര കൊല്ലമായിട്ട് ഇതുവരെ നടന്നില്ല. ഒരു സ്റ്റേറേഷൻമാസ്റ്ററുടെ ഓഫീസ്, ചെറിയൊരു റിസർവേഷൻ സൗകര്യത്തിനുവേണ്ടി അവിടെ തുടങ്ങേണ്ടതാവശ്യമാണ്. മൂന്നാമതൊരു പ്രാവശ്യമാണ് ഞാനിതുന്നയിക്കുന്നത്. ഒന്നുതെറ്റിയാൽ മൂന്നാമത്തേത് ശരിയാകുമെന്നുള്ളതിനു വേണ്ടിയെങ്കിലും ഇത് അടിയന്തിരമായി രണ്ടുമൂന്നാഴ്ചയ്ക്കകം അവിടെ വരുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയാണ്.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, വടകര ടൗൺ കോഴിക്കോടിനും കണ്ണൂരിനും മദ്ധ്യേയുള്ള ദേശസാൽകൃത മേഖലയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഗതാഗത കേന്ദ്രമാണ്. സ്റ്റേറേഷൻമാസ്റ്റർ ഓഫീസ് തുടങ്ങുന്നതുവഴി കെ. എസ്. ആർ. ടി. സി. ക്ക് പ്രതിമാസം മൂവായിരം രൂപയോളം അധികച്ചെലവുണ്ടാകുന്നതാണ്. ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ദേശസാൽകൃതമല്ലാത്ത വടകരയിൽ ഒരു സ്റ്റേറേഷൻമാസ്റ്റർ ഓഫീസ് തുടങ്ങുന്നതിന് തൽക്കാലം നിർവ്വാഹമില്ല. എങ്കിലും സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് ഇക്കാര്യം ആലോചിക്കുന്നതാണ്. റിസർവ്വേഷൻ സൗകര്യം സംസ്ഥാനത്ത് ഒന്നുരണ്ടു സ്ഥലങ്ങളൊഴിച്ചാൽ ബസ്സ് സ്റ്റേറേഷനിൽ മാത്രമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരം റിസർവേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിൽ പല കാരണങ്ങളാലും ബുദ്ധിമുട്ടുകളുണ്ടാക്കുന്നതാണ്. നിശ്ചിത ബസ് വരാതിരുന്നാൽ യാത്രക്കാരെ മറ്റ് ബസുകളിൽ അയയ്ക്കുന്നതിനോ റീ ഫണ്ട് നൽകുന്നതിനോ ഒക്കെ ഇടയ്ക്കുള്ള സ്റ്റേറേഷനുകളിൽ പ്രയാസമുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ ഇവിടെ തന്നിട്ടുള്ള സബ്മിഷന്റെ വിഷയത്തിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മറുപടി പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഞാൻ വരൾച്ചയെപ്പറ്റിയാണ് സബ്മിഷൻ കൊടുത്തിരുന്നത്. അദ്ദേഹം ആലപ്പുഴ ജില്ലയെക്കുറിച്ച് പറഞ്ഞപ്പോഴും വരൾച്ചയെ നേരിടാൻ ഗവൺമെന്റ് എടുക്കുന്ന സന്നാഹങ്ങളെപ്പറ്റി പറയുകയുണ്ടായി. അതുകൊണ്ട് ഞാൻ സബ്മിഷൻ ആവർത്തിക്കുന്നില്ല.

(38) കുവൈറ്റികളുടെ കേരള സന്ദർശനം

ശ്രീ. ഇ. കെ. നായനാർ : സർ, കുവൈറ്റികളുടെ കേരള സന്ദർശന പ്രശ്നം ഞാൻ കഴിഞ്ഞ തവണയും ഇവിടെ ഉന്നയിച്ചതാണ്. രണ്ട് അനഭിമതരായ കുവൈറ്റുകാർ ഇവിടെ വന്നകാര്യം പരാമർശിച്ചപ്പോൾ അതിനെ മറച്ചുവയ്ക്കാൻവേണ്ടി ഇവിടത്തെ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ഭക്ഷ്യവകുപ്പു മന്ത്രിയും ഒക്കെ ശ്രമിച്ചു. ഇപ്പോൾ കൂടുതൽ റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. പ്രസ്തുത കുവൈറ്റികൾ അവിടെ ഇന്ത്യൻ സ്ഥാനപതി കാര്യാലയത്തിൽ വിസക്ക് അപേക്ഷിച്ചുവെങ്കിലും അത് നിഷേധിച്ചുവെന്നാണ് പറയുന്നത്. അതുകൂട്ടാക്കാതെയാണ് ഇവിടെ അവർ വന്നത്. ഇവിടെക്കൊണ്ടുവന്ന പെട്ടികൾ തന്നെ മുഴുവൻ തിരിച്ചുകൊണ്ടു പോയിട്ടില്ല. ഒരു പെട്ടിയേ എടുത്തിട്ടുള്ളൂ. ബാക്കിയുള്ള പെട്ടി ഇവിടെ ഉണ്ട് അതുപോലെതന്നെ ഈ കുവൈറ്റികൾ കേരളം സന്ദർശിച്ചയവസരത്തിൽ അവർ പോയ കാറിൽ ദേശീയപതാക

LIBRARY ARCHIVES Kerala Legislative Assembly